# File No.LSGD-FM2/187/2019-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള സീതിഹാജി സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തികൾക്കായി എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.33/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,03/01/2020**

---

പരാമർശം:- 1. എടവണ്ണ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 28/09/2019 ലെ അപേക്ഷ

2. ശ്രീ .പി കെ ബഷീർ എം എൽ എ യുടെ 01/10/2019ലെ കത്ത്

**<u>ഉത്തരവ്</u>**

എടവണ്ണ ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള സീതിഹാജി സാംസ്കാരിക നിലയത്തിന് ഏറനാട് എംഎൽഎ ശ്രീ പി കെ ബഷീർ അവർകളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 57 ലക്ഷം രൂപ അനുവദിച്ച് പണി ആരംഭിച്ചിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഇന്റീരിയർ ഡിസൈൻ ഡ്രോയിംഗ്, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് ഡ്രോയിംഗ് , സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗ് എന്നിവയ്ക്ക് ആവശ്യമായ തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന്റെ പേരിൽ നിലവിൽ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുകയാണ് . മേൽ സാഹചര്യത്തിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും മേൽ ആവശ്യത്തിനുള്ള 1,32,810/- രൂപ അനുവദിക്കുന്നതിനുള്ള അനുമതി നല്കണമെന്ന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ശ്രീ. പി കെ ബഷീർ എം എൽ എ പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എടവണ്ണ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള സീതിഹാജി സാംസ്കാരിക നിലയത്തിന്റെ ഇന്റീരിയർ ഡിസൈൻ ഡ്രോയിംഗ്, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് ഡ്രോയിംഗ് , സ്ട്രക്ച്ചറൽ ഡിസൈൻ ഡ്രോയിംഗ് എന്നീ പ്രവൃത്തികൾക്കാവശ്യമായ തുക നല്കുന്നതിന് 1,32,810/-രൂപ ( ഒരു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റി പത്തു രൂപ മാത്രം ) പഞ്ചായത്തിൻ്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി/പ്രസിഡന്റ് , എടവണ്ണ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ